സാഹിത്യവാരഫലം

1986/08/31 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/08/31-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചതു്.

അമ്പതു കൊല്ലം മുൻപാണ്. നേരം പുലർന്നു. ആ ദിനത്തിൽ എനിക്ക് വരാൻപോകുന്ന മുറിവുകളെ എങ്ങനെ ഉണക്കാനാണ് എന്ന വിചാരത്തോടെ ഞാൻ വീട്ടിന്റെ മുൻവശത്തു നില്ക്കുമ്പോൾ, ക്രമേണ മരങ്ങളുടെ നിഴലുകൾക്കു നീളം കൂടിവന്നപ്പോൾ ഒരു "മുഗ്ദ്ധസംഗീതകന്ദളം" രാജവീഥിയിൽനിന്ന് ഉയരുകയായി:

> ആരു വാങ്ങും, മിന്നാരുവാങ്ങുമീ-
> യാരാമത്തിന്റെ രോമാഞ്ചം?"

ഇത് എന്തൊരു വേണുഗാനം! ഏതു ചെഞ്ചൊടികളിൽ നിന്നാണ് ഇത് പാതയിലൂടെ ഒഴുകിവന്ന് എന്റെ കാതിനു സുഖമരുളുന്നത്? ഞാൻ ചെന്നുനോക്കി. "പൊന്നുഷസ്സുപോലെ" രാജവീഥിയിൽ അവൾ വിരാജിക്കുന്നു; ചലനം കൊള്ളുന്നു. ഞാൻ അവളോടു പറഞ്ഞു: "അനുജത്തി, ഈ ഗാനം കേൾക്കാനാണ് ഞാൻ ജനിച്ചത്. നീ പൂക്കൾ വിൽക്കുന്നുവോ? നിന്റെ ഗാനത്തിന്റെ ഓരോ വരിയും ഓരോ പൂവല്ലേ? നിന്റെ കൈയിലിരിക്കുന്ന ഓരോ പൂവും ഗാനത്തിന്റെ ഓരോ വരിയല്ലേ? നിന്റെ പാട്ടിനും നിന്റെ കൈയിലുള്ള പൂവിനും തമ്മിൽ ഒരു വ്യത്യാസവുമില്ലല്ലോ". എന്റെ പ്രശംസാവചനമൊന്നും അവൾക്കു വേണ്ട. ഞാനൊരു കശ്മലനാണെന്നു വിചാരിച്ചാവാം അവൾ എന്നെ ഒന്നു നോക്കുകപോലും ചെയ്യാതെ നടന്നുപോയി. ഇപ്പോഴും ആ ഗാനത്തിന്റെ ഈരടി എന്റെ കാതിൽ അനുരണനം ചെയ്യുന്നു:"ആരു വാങ്ങുമിന്നാരുവാങ്ങുമീയാരാമത്തിന്റെ രോമാഞ്ചം?"

ഇന്ന്—അമ്പതു വർഷത്തിനു ശേഷം—ജീവിതമേല്പിച്ച ക്ഷതങ്ങളുടെ പാടുകൾ നോക്കിക്കൊണ്ട് വിഷാദമഗ്നനായി ഞാൻ വീട്ടിന്റെ മുൻവശത്തു നിൽക്കുമ്പോൾ തെരുവിൽ കലപില ശബ്ദം. ഞാൻ ശ്രദ്ധിച്ചു: "നിയമാനുസാരിയായ സമാന്തരത്വം പദ്യാത്മക ഏകകങ്ങളിൽ വന്നു സംഘട്ടനം ചെയ്യുമ്പോൾ ആ പദ്യാത്മക ഏകകം ഹെമിസ്റ്റിച്ചായി മാറുന്നു എന്നതാണ് ആശാൻ കവിതയുടെ ലിങ്ഗ്വസ്റ്റിക് സ്റ്റൈലിസ്റ്റിക്സ്. ഫൊണോലോജിക്കലും ഗ്രമാറ്റിക്കലുമായ പാറ്റേൺ ഭാഷാപരമായ വിനിമയത്തിൽ സാർത്ഥകമായി ഭവിക്കുമ്പോൾ ഉണ്ടാകുന്ന ഡൈക്കോട്ടമി "നളിനി"യിലെ "ഓമലാൾ മുഖമതീന്നു നിർഗ്ഗമിച്ചോമിതി" എന്നു തുടങ്ങുന്ന ശ്ലോകത്തിൽ സംവീക്ഷണം ചെയ്യാവുന്നതാണ്". ഇതു കേട്ട ഞാൻ "നിറുത്തു നിറുത്തു എന്താ പറയുന്നത്" എന്നു ചോദിച്ചു. അയാൾ മറുപടി പറയാതെ സിന്റക്റ്റിക്കും ഫൊണോലോജിക്കലുമായ മാനിപ്പുലേഷൻസ് 'നളിനി'യുടെ ശയനാഗാരത്തിൽ നിന്ന് ഉണർന്നെഴുന്നേല്ക്കുന്നതുപോലെ…" എന്ന് ഉദ്ഘോഷിച്ചുതുടങ്ങി. ഞാൻ ഒറ്റ ഓട്ടമോടി. അപ്പോൾ ആരോ തെരുവിൽനിന്നു വിളിച്ചു പറയുന്നതു കേട്ടു. "സാറേ ഇയാൾ നവീന നിരൂപകനാണ്. കുമാരനാശാന്റെ നളിനി എന്ന കാവ്യത്തെയാണ് ഇയാൾ കൊല്ലുന്നത്".

പ്രിയപ്പെട്ട വായനക്കാരേ, സുന്ദരികൾ പൂക്കൾ വിറ്റിരുന്ന കാലംകഴിഞ്ഞു. ഇപ്പോൾ 'ക്രൂപ്തികരങ്ങൾ' വീട്ടുകാരെ അടിച്ചേല്പിക്കുകയാണ് ആക്രിക്കച്ചവടക്കാർ. അവരെ നിരൂപകരെന്നും വിളിക്കും. എഴുത്തച്ഛന്റെയും കുഞ്ചൻ നമ്പ്യാരുടെയും വള്ളത്തോളിന്റെയും എം. ആർ. നായരുടേയും ചങ്ങമ്പുഴയുടേയും ഇ. വി. കൃഷ്ണപിള്ളയുടെയും കുമാരനാശാന്റെയും ഭാഷയാണ് മലയാളഭാഷ. മനോഹരമായ, ചൈതന്യധന്യമായ ആ ഭാഷയ്ക്കാണ് ഈ ഭാഗ്യക്കേടു സംഭവിച്ചിരിക്കുന്നത്. (ഈ സംഭവങ്ങൾ തികച്ചും സാങ്കല്പികങ്ങൾ. സാഹിത്യവാരഫലത്തിൽ യഥാർത്ഥസംഭവങ്ങൾ മാത്രമേ വർണ്ണിക്കപ്പെടൂ. അതുകൊണ്ടാണ് 'സാങ്കല്പികങ്ങൾ' എന്ന എടുത്തു പറഞ്ഞത്.)

ദാരുഖണ്ഡം

"കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ" എന്ന കവി വചനം. എങ്കിലും എനിക്കൊരു കണ്ണാടി കൂടിയേ തീരൂ. കുളത്തിന്റെ കരയിൽ ചെന്നു കിടന്ന് ആ ജലാശയമാകുന്ന ദർപ്പണത്തിൽ സ്വന്തം പ്രതിച്ഛായ കണ്ടു രസിച്ച നർസിസ്സസ് ദേവനാണ ഞാൻ. പക്ഷേ, നല്ല കണ്ണാടി കിട്ടാനില്ല. നോക്കിയാൽ മുഖം കോച്ചുവാതം പിടിച്ചതുപോലെ 'കോടി'യിരിക്കും. അല്ലെങ്കിൽ ഇല്ലാത്ത സൗന്ദര്യം ഉണ്ടെന്നു കാണിക്കും. ശരിയായ മുഖം കാണണമെങ്കിൽ ബൽജിയൻ ഗ്ലാസ്സായിരിക്കണം. എന്റെ കുട്ടിക്കാലത്തു് ഇങ്ങനെയുള്ള നല്ലവസ്തുക്കളൊക്കെ കിട്ടുമായിരുന്നു. ബൽജിയത്തിലെ ഗ്ലാസ്സ് കിട്ടാനില്ലാത്തതുകൊണ്ട് പ്രതിബിംബം കാണാൻ ഞാൻ ആശ്രയിക്കുന്നതു കലാസൃഷ്ടികളെയാണ്. ടി. പത്മനാഭന്റെ "പ്രകാശം പരത്തുന്ന പെൺകുട്ടി" എന്ന കഥയിലെ നായകൻ—സിനിമ കാണാനിറങ്ങുന്ന കഥാപാത്രം—ഞാൻ തന്നെയാണ്. അല്ലെങ്കിൽ എന്റെ പ്രതിബിംബം തന്നെയാണ്. എം. ടി. വാസുദേവൻ നായരുടെ അപ്പു ഞാനാണ്. പ്രൂസ്റ്റിന്റെ സ്വാനും ട്രോമസ് മാനിന്റെ കഷ്ടോർപ്പും ഓനീലിന്റെ റോബർട്ടും ഞാനത്രേ. എന്റെയെന്നല്ല ആരുടേയും രൂപം പ്രതിഫലിപ്പിക്കാത്ത ദാരുഖണ്ഡമാണ് ജനന്മ കഞ്ഞുണ്ണിയുടെ "നീ എനിക്ക് അപരിചിതൻ" എന്ന ചെറുകഥ (മാമാങ്കം വാരിക). വേശ്യയുടെ മകൾ സുന്ദരിയായ വേശ്യ. വൃദ്ധൻ അവളെ വെപ്പാട്ടിയാക്കുന്നു. അതിനു മുൻപ് അവൾ ആ വൃദ്ധന്റെ മകനോടു പ്രേമത്താൽ ബന്ധിക്കപ്പെട്ടിരുന്നു. മകനും വെപ്പാട്ടിയും ആശ്ലേഷത്തിലമർന്നു നിൽക്കുന്നത് അച്ഛൻ കണ്ടു. സ്വാഭാവികമായും അയാൾ (കിഴവൻ) ക്ഷമിച്ചു. പിന്നീട് കിഴവൻ മരിക്കുമ്പോൾ അവൾ മൂതദേഹം കാണാൻ വരുന്നു. മകൻ അവളെ ആട്ടിയോടിക്കുന്നു. ഇതിവൃത്തമുണ്ട്. ദേദപ്പെട്ട ആഖ്യാനമുണ്ട്, പരകോടിയുണ്ട്. പക്ഷേ, മാനഷികബന്ധങ്ങളുടെ തീക്ഷ്ണതയില്ല. അനവാചകൻ തന്റെ പ്രതിബിംബം കഥയിൽ കാണുന്നില്ല. തടിക്കഷണത്തിൽ പ്രതിഫലനം എങ്ങനെയുണ്ടാവും?

പുകവലിച്ചാൽ ക്യാൻസർ വരുമെന്നു ശാസ്ത്രജ്ഞന്മാർ തൊണ്ടകീറി പറഞ്ഞിട്ടും സിഗററ്റ് നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ആളുകൾ അതു വലിച്ചുതീർക്കുകയും ചെയ്യുന്നു. മുഖം 'ബ്ലീച്ച്' ചെയ്താൽ ശ്വേതകുഷ്ഠം വരുമെന്നു വൈദ്യന്മാർ അറിയിച്ചിട്ടും ബ്യൂട്ടി പാർലറുകൾ പ്രതിദിനം വർദ്ധിക്കുന്നു. കോൺക്രീറ്റ് ഭവനങ്ങളിൽ താമസിക്കുന്നതുകൊണ്ടാണ് ആസ്ത്മരോഗം കൂടുതലായി ഉണ്ടാകുന്നതെന്ന് അറിവുള്ളവർ പറഞ്ഞിട്ടും ആളുകൾ അത്തരം വീടുകളേ ഉണ്ടാക്കുന്നുള്ളു. മനുഷ്യന്റെ വങ്കത്തം ഒരിക്കലും നശിക്കില്ല. അതുകൊണ്ടു് കണ്ണാടിവ്യവസായത്തിനു തകർച്ച വരില്ല. സാഹിത്യകാരൻ എന്ന പേരിന് അർഹതയുണ്ടാകാനായി മനുഷ്യൻ നിശ്ശേതനങ്ങളായ വാക്കുകൾ കൂട്ടിവയ്ക്കുന്നു. അതിനെ കഥയെന്നും കവിതയെന്നും വിളിക്കുന്നു. പേര് എന്നു പറഞ്ഞാൽ കീർത്തിയെന്നർത്ഥം. കീർത്തി എന്നുപറഞ്ഞാൽ അധികാരം എന്നർത്ഥം. അധികാരത്തിനു വേണ്ടിയാണ് മനുഷ്യന്റെ എല്ലാ പ്രവൃത്തികളും.

കെ. എം. പണിക്കരും സഹോദരനും

> പണമുണ്ടെങ്കിൽ ഏതു കാര്യത്തിലും ഏകാഗ്രതയുള്ളവർക്ക് ഏതു ജോലിത്തിരക്കിനിടയിലും എത്ര ഗ്രന്ഥങ്ങൾ വേണമെങ്കിലും എഴുതാം. നമ്മളൊക്കെ പാവങ്ങൾ. പ്രയാസപ്പെട്ടുണ്ടാക്കിയ പണത്തിന്റെ ഒരു ഭാഗമെടുത്തു് നോവലോ, കാവ്യമോ വാങ്ങുന്നു. വീട്ടിൽ കൊണ്ടുവന്ന് വായിക്കാൻ തുടങ്ങുമ്പോൾ "ഓ വർഗ്ഗീസിന്റെ കൈയിൽനിന്നു വാങ്ങിയ രണ്ടായിരം രൂപ തിരിച്ചു കൊടുത്തില്ലല്ലോ" എന്ന വിചാരം വരും.

സർദാർ കെ. എം. പണിക്കരുടെ ചേട്ടനോടൊരുമിച്ച് ബോട്ടിൽ സഞ്ചരിക്കേണ്ടതായി വന്നു എനിക്കൊരിക്കൽ. കൂടെ അയ്യപ്പപ്പണിക്കരും സി. എൻ. ശ്രീകണ്ഠൻ നായരുമുണ്ടായിരുന്നു. ആലപ്പുഴനിന്നു തിരിച്ചതാണ് സ്പെഷ്യൽ ബോട്ട്. കാവാലംവരെയാണ യാത്ര. ആ യാത്രയ്ക്കിടയിൽ പണിക്കരുടെ സഹോദരൻ ഞങ്ങളോടു സംസാരിച്ചില്ലെന്നു മാത്രമല്ല മുഖത്തേക്ക് ഒന്നു നോക്കിയതുമില്ല. അദ്ദേഹം ആകെച്ചെയ്തതു് കുടെക്കൂടെ ബോട്ട് കരയ്ക്കടുപ്പിക്കും. അവിടെ ഭക്തിപ്രശ്രയവിവശനായി നില്ക്കുന്ന പാട്ടക്കാരന്റെ കൈയിൽനിന്നു കന്നു കണക്കിനു കറൻസിനോട്ടുകൾ വാങ്ങും. ബാഗിനകത്തുവയ്ക്കും. അദ്ദേഹത്തിനു പല പല തെങ്ങിൻതോപ്പുകൾ ഉണ്ടായിരുന്നു. തേങ്ങ വിറ്റപണമാണ് അഞ്ചുമിനിറ്റിലൊരിക്കൽ ബാഗിലേക്കു കത്തിനിറയ്ക്കപ്പെട്ടിരുന്നതെന്നു പിന്നീട് മനസ്സിലാക്കാൻ സാധിച്ചു. ഇങ്ങനെ മൂന്നൂറു സെക്കൻഡിലൊരിക്കൽ ബോട്ടു കരയ്ക്കടുത്താൽ കാവാലത്തെ മീറ്റിങ്ങിനു സമയത്തു് എത്തുമോ എന്നു ഞാൻ ഭയന്നു. ഞങ്ങളോടു മാത്രമല്ല അദ്ദേഹത്തിന്റെ അനന്തരവനായിരുന്ന അയ്യപ്പപ്പണിക്കരോടും അദ്ദേഹം ഒന്നും മിണ്ടിയില്ല. കരയിൽനിന്നു പണം കൊടുക്കുന്നവനോട് "ആകെ എത്ര തേങ്ങ?" എന്നു പതുക്കെ ചോദിക്കും. പേടിയും ബഹുമാനവുംകൊണ്ട് അതിലും ചെറിയ ശബ്ദത്തിൽ കരയിൽ നില്ലുന്നവൻ "അമ്പത്തിയയ്യായിരമുണ്ടേ," "നാല്പത്തിമൂന്നായിരമുണ്ട്" എന്നൊക്കെ പറയും. അതിനു മറുപടിയില്ല. നോട്ട് വാങ്ങി എണ്ണി ബാഗിലേക്കു തിരുകിക്കയറ്റും. റിസർവ് ബാങ്ക് കറൻസി നോട്ട് അക്കാലത്തു് അച്ചടിച്ചിരുന്നതു പണിക്കരദ്ദേഹത്തിനുവേണ്ടിയായിരുന്നുവെന്ന് അന്നു ഞാൻ വിചാരിച്ചു. കഴിയുന്നതും വേഗം കമ്മ്യൂണിസം നടപ്പിലാകണേ എന്നു ഞാൻ ഈശ്വരനോടു അപേക്ഷിക്കുകയും ചെയ്തു. ഇദ്ദേഹത്തിന് ഇത്രത്തോളം ധനമുണ്ടെങ്കിൽ സർദാർ കെ. എം. പണിക്കർക്ക് എത്രത്തോളം അതുണ്ടായിരിക്കുമെന്നും ഞാൻ ആലോചിച്ചുപോയി. പണമുണ്ടെങ്കിൽ ഏതു കാര്യത്തിലും ഏകാഗ്രതയുള്ളവർക്ക് ഏതു ജോലിത്തിരക്കിനിടയിലും എത്ര ഗ്രന്ഥങ്ങൾ വേണമെങ്കിലും എഴുതാം. നമ്മളൊക്കെ പാവങ്ങൾ. പ്രയാസപ്പെട്ട് ഉണ്ടാക്കിയ പണത്തിന്റെ ഒരു ഭാഗമെടുത്തു് നോവലോ, കാവ്യമോ വാങ്ങുന്നു. വീട്ടിൽ കൊണ്ടുവന്ന് വായിക്കാൻ തുടങ്ങുമ്പോൾ "ഓ വർഗ്ഗീസിന്റെ കൈയിൽനിന്നു വാങ്ങിയ രണ്ടായിരം രൂപ തിരിച്ചു കൊടുത്തില്ലല്ലോ" എന്ന വിചാരം വരും. പുസ്തകം താഴെ വയ്ക്കും. പിന്നെ വായനയുമില്ല. ഒന്നുമില്ല. വെറുതെയല്ല സർദാർ കെ. എം. പണിക്കർ ചവറുപോലുള്ള നോവലുകളും അവയെക്കാൾ ചവറുകളായ കാവ്യങ്ങളും രചിച്ചതു്. (അദ്ദേഹം വലിയ ചിത്രകാരനായിരുന്നത്രേ. ആയിരിക്കാം. അതിനെക്കുറിച്ച് അഭിപ്രായം പറയാൻ എനിക്കാവില്ല.) ഏകാഗ്രതയാണ് അദ്ദേഹത്തെ രചനയ്ക്കു സഹായിച്ചതു്. പക്ഷേ, എന്റെ ഈ അഭിപ്രായവും വിരുദ്ധങ്ങളായിക്കണ്ടതു പിന്നീട്. തിരുവനന്തപുരത്തെ ഒരു മാന്യന്റെ വീട്ടിൽവച്ച് ഞാൻ അദ്ദേഹത്തെ കണ്ടു. "അംബാസഡർ ആയിരിക്കുമ്പോഴും അങ്ങ് എങ്ങനെ ഇത്രയും എഴുതുന്നു?" എന്നു ഞാൻ ചോദിച്ചു. സർദാർ പണിക്കർ മറുപടി പറഞ്ഞു. "ഞാൻ നാട്ടിലായിരുന്നപ്പോൾ പതിവായി ദേവിക്ഷേത്രത്തിൽപ്പോയി തൊഴും. അത് എന്റെ മനസ്സിന് ഏകാഗ്രത നല്കി. ഇത് നിങ്ങളെ ഏതു പ്രവൃത്തിക്കും സഹായിക്കും. നിങ്ങൾ ഈശ്വരവിശ്വാസിയാണോ? (മറുപടി കേൾക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല) അല്ലെങ്കിൽ ചുവരിൽ ഒരു വൃത്തം വരയ്ക്കൂ. അതിന്റെ നടുക്ക് ഒരു കുത്തു് ഇടൂ. എന്നും കാലത്തു് പതിനഞ്ചു മിനിറ്റ് നേരം അതിൽ നോക്കിക്കൊണ്ടുനിന്നാൽ മതി. ഏകാഗ്രത കിട്ടും".

ഈ ഏകാഗ്രതകൊണ്ടാവാം അദ്ദേഹം ചരിത്രഗ്രന്ഥങ്ങൾ രചിച്ചതു്. പില്ക്കാലത്തു് കേശവദേവ് 'മുലക്കവി' എന്ന് അദ്ദേഹത്തെ വിളിക്കത്തക്കവിധത്തിൽ മാമറിഗ്ലാൻഡ്സിനു പ്രാധാന്യം കൊടുത്തു 'ബാലികാമതം' എന്ന കാവ്യം രചിക്കാൻ അദ്ദേഹത്തെ സഹായിച്ചതും ഈ ഏകാഗ്രതയാവാം. എന്റെ ലൈബ്രറി ഒന്നു ലഘുകരിക്കുന്നതിനു വേണ്ടി വേണ്ടാത്ത പല പുസ്തകങ്ങളും ഞാൻ കാണുന്നവർക്കൊക്കെ എടുത്തു കൊടുത്തു. അക്കൂട്ടത്തിൽ സർദാർ കെ. എം. പണിക്കരുടെ സമ്പൂർണ്ണപദ്യകൃതികളും പൊയ്പ്പോയി. അതു പോയതിൽ ഒട്ടും ദുഃഖമില്ല. പക്ഷേ, ആ കാവ്യത്തിലെ മുല എന്ന വാക്ക് എത്രയുണ്ടെന്ന് എണ്ണിപ്പറയാൻ ഇപ്പോൾ സാധിക്കുന്നില്ലല്ലോ എന്നൊരു ദുഃഖം ഓർമ്മയിൽനിന്ന് രണ്ടു വരികൾ കുറിക്കാം. "ഭാഗ്യം മഹാഭാഗ്യമിങ്ങനെ—യെൻതോഴി ഭാഗ്യം നിറഞ്ഞ മുലകളുണ്ടോ?" ഈ ആഭാസപ്രശൃംഗാരത്തിൽ തൽപരനായ കവിക്ക് കുമാരനാശാന്റെ കവിത ഇഷ്ടപ്പെടാൻ കഴിയാത്തതിൽ എന്തേ അദ്ഭുതം?"…ആശാന്റെ കവിത തത്ത്വചിന്തയുടെ ഭാരംകൊണ്ടു പലപ്പോഴും വിരസമായിപ്പോയിട്ടുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം… തനിക്ക് ആശാൻ കവിതയുമായി ഹൃദയപൂർവ്വമടുക്കാൻ കഴിഞ്ഞില്ലെന്നു് പണിക്കർ തുറന്നു പറഞ്ഞു" എന്ന് സർദാറിനോടു സംസാരിച്ച എം. കെ. കുമാർ എഴുതുന്നു. (കലാകൗമുദിയിലെ "എന്റെ മനസ്സിലെ സർദാർ പണിക്കർ" എന്ന ലേഖനം) വിസ്മയിക്കാനില്ല. കലയെസ്സംബന്ധിച്ച് അധമമല്ല, അധമതരമല്ല, അധമതമമായ ഒരു സങ്കല്പം വച്ചുപുലർത്തിയ ആളായിരുന്നു കെ. എം. പണിക്കർ. രാജ്യതന്ത്രജ്ഞനും ചരിത്രകാരനുമായിരുന്ന ഈ മഹാവ്യക്തിയെക്കുറിച്ച് പരുഷങ്ങളായ വാക്കുകളാണോ ഞാൻ പറഞ്ഞത്? പാരുഷ്യം വന്നുപോയെങ്കിൽ കവി ഡോക്ടർ അയ്യപ്പപ്പണിക്കരും നാടകകർത്താവ് കാവാലം നാരായണപ്പണിക്കരും സദയം ക്ഷമിക്കണം. സത്യം കല്ലുറ പോലെ കഠിനമാണ്. അതു എറിയുമ്പോഴാണ് തിരിച്ച് ഏറു വരുന്നത്.

ബി. മാധവമേനോൻ

വടക്കൻപറവൂർ ഇംഗ്ലീഷ് ഹൈസ്കൂൾ. ഫിഫ്ത്ത് ഫോം. വർഷം 1938. ഞാൻ നാലാങ്കൽ കൃഷ്ണപിള്ള സ്സാറിന്റെ ക്ലാസ്സിലിരിക്കുകയാണ്. പെട്ടെന്ന് അടുത്ത ക്ലാസ്സിൽനിന്ന്. (അതും ഫിഫ്ത്ത്ഫോം തന്നെ) മധുരശബ്ദത്തിൽ ഒരു ശ്ലോകംചൊല്ലൽ കേൾക്കാറായി:

> മാർത്താണ്ഡാലയ രാമനാമാ
> കള്ളത്തരം കഴക്കൂട്ടവും
> വെങ്ങാനൂരവ ചെമ്പഴന്തി കടമൺ
> പള്ളിച്ചലെന്നിങ്ങനെ
> ചൊല്ലൊണ്ടിടന ദിക്കിലെട്ടു ഭവനം
> തത്രത്യരാം പിള്ളമാ-
> രൊപ്പം വിക്രമവാരിരാശികളഹോ
> ചെമ്മേ വിളങ്ങിടിനാർ.



ശ്ലോകം ക്രഷ്ടമാണ്. പക്ഷേ, അതു ചൊല്ലിയ രീതി എന്നെ ആഹ്ലാദത്തിലേക്ക് എറിഞ്ഞു. "എന്തെടോ കൃഷ്ണൻ നായരേ വേറെയെവിടെയോ ശ്രദ്ധിച്ചിരിക്കുന്നത്?" എന്ന നാലാങ്കസ്സാറിന്റെ വാക്കുകളാണ് എന്റെ സ്വപ്നങ്ങളിൽ വന്നു വീണതു്. അതോടെയാണ് ഞാൻ ഉണർന്നതു്. ബല്ലടിച്ചയുടനെ ഞാൻ അടുത്ത ക്ലാസ്സിലേക്ക് ഓടി ആ ശ്ലോകം ചൊല്ലിയ വിദ്യാർത്ഥിയെ കാണാൻ. കണ്ടു സുന്ദരനായ ബി. മാധവമേനോൻ. 'ഗുരുനാഥൻ' മാസികയിൽ കഥകൾ എഴുതാറുണ്ട് അദ്ദേഹമെന്നും ഞാനറിഞ്ഞു. സ്കൂളിലെ ഏറ്റവും പ്രഗല്ഭനായ വിദ്യാർത്ഥിയായിരുന്നു മാധവമേനോൻ. അദ്ദേഹം എം. എ. പരീക്ഷയിൽ ക്ലാസ്സോടുകൂടി ജയിച്ചു. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ പ്രവേശിച്ചു. അവിടെയും ഉന്നത സ്ഥാനത്തെത്തി. എന്റെ സ്നേഹിതനും എന്റെ സതീർത്ഥ്യൻ ബാലകൃഷ്ണൻനായരുടെ ബന്ധുവുമാണ് അദ്ദേഹം. എന്നിട്ടും മാധവമേനോന്റെ കഥകളെക്കുറിച്ച് എഴുതുമ്പോൾ ആ സൗഹൃദം ഇടയ്ക്കു കടന്നുവന്നില്ല. പരുക്കൻ വാക്കുകൾതന്നെ ഞാൻ പ്രയോഗിച്ചു. അദ്ദേഹം കോപിച്ചില്ല. പരുഷമായി ഒന്നും പറഞ്ഞില്ല. മാത്രമല്ല മലയാള വ്യാകരണത്തെസ്സംബന്ധിച്ച് എന്തോ പറയേണ്ടിവന്നപ്പോൾ മാന്യമായ രീതിയിലേ അദ്ദേഹം എന്നെക്കുറിച്ച് എഴുതിയതുമുള്ളൂ. ഇപ്പോൾ അദ്ദേഹത്തിന്റെ 'സ്വപ്നസൗധം' എന്ന ചെറുകഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വായിച്ചുകഴിഞ്ഞപ്പോൾ നല്ല വാക്കുകൾ പറയാമല്ലോ എന്ന വിചാരിച്ച് എനിക്ക് ആഹ്ലാദം.

നഷ്ടപ്പെട്ട പൂർവ്വകാല സൗഭാഗ്യങ്ങളെ മനോഹാരിതയോടെ ചിത്രീകരിച്ച് സമകാലിക ജീവിതത്തിന്റെ വൈരസ്യത്തെയും ക്രൂഷ്ടതയെയും ധ്വനിപ്പിക്കാൻ വലിയ കൗതുകമാണ് മാധവമേനോന്. തനിക്ക് ഇഷ്ടപ്പെട്ട ആ വിഷയം ചാരുതയോടെ അദ്ദേഹം ഇക്കഥയിൽ പ്രതിപാദിച്ചിരിക്കുന്നു. സാമൂഹികങ്ങളായ പ്രവർത്തനങ്ങളും ചരിത്രപരങ്ങളായ സംഭവങ്ങളും ഭൂതകാലമനോജ്ഞതകളെ മാറ്റിക്കളയും. എങ്കിലും സെൻസിറ്റിവായ കവി ഹൃദയം അതിൽ വിഷാദിക്കും. ആ വിഷാദം ഇതിന്റെ മുദ്രയാണ്. കഥ അവസാനിക്കുന്നതു നോക്കുക: "ഭാഗം വയ്ക്കുമ്പോൾ ഈ പഴയ വീടു വില്ലപ്പെടും. ഇല്ലേ?" എന്നു ശ്യാമള ചോദിച്ചപ്പോൾ വിജയൻ തല കുലുക്കി. പക്ഷേ, ഉള്ളിൽ പറഞ്ഞു: പതുക്കെ മകളേ, പതുക്കെ. നിന്റെ വാക്കുകൾ വന്നു വീഴുന്നതു് എന്റെ സ്വപ്നങ്ങളിലാണ്.

ഗ്രാമം വികസിച്ച് വികസിച്ച് നഗരമാകുന്നു. ഗ്രാമത്തിന് ശാലീനസൗന്ദര്യം. നഗരത്തിനു കൃത്രിമസൗന്ദര്യം. ലോലഹൃദയമുള്ള കലാകാരൻ ശാലീന സൗന്ദര്യം കൊതിക്കും. ആ അഭിലാഷത്തെ ഉജ്ജ്വലമായി ആവിഷ്കരിക്കുന്ന മാസ്റ്റർപീസാണ് റേയ്മണ്ട് വില്യംസിന്റെ The Country and the City എന്ന നിരൂപണഗ്രന്ഥം. പതിനാറാം ശതാബ്ദം തൊട്ട് ഇരുപതാം ശതാബ്ദം വരെയുള്ള ഇംഗ്ലീഷ് സാഹിത്യത്തിൽ ഗ്രാമീണ ജീവിതവും നാഗരിക ജീവിതവും എങ്ങനെ പ്രതിഫലിക്കപ്പെടുന്നുവെന്നു സൂക്ഷ്മമായി നോക്കിക്കാണുന്ന ഈ പുസ്തകം നിരൂപണത്തിന്റെ ഉത്കൃഷ്ടമായ മാതൃകയാണ്. ഇടതുപക്ഷ ചിന്താഗതിയുള്ള ഗ്രന്ഥകാരൻ തന്റെ അഭിലാഷത്തെ സാമൂഹിക പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുന്നു. അപ്പോൾ പ്രത്യക്ഷസത്യങ്ങളും പരോക്ഷസത്യങ്ങളും നമ്മൾ കാണുന്നു.



റേയ്മണ്ട് വില്യംസ്

നിരീക്ഷണങ്ങൾ

പവർകട്ട്: ആർക്കും ഏതു സന്ദർഭത്തിലും അഭിലഷിക്കാവുന്നതു്. സ്ഥിരമായ പവർകട്ട് വന്നാൽ ആയുസ്സു കൂടും. എങ്ങനെയെന്നു പറയാം. റേഡിയോയുടെ ശല്യമില്ല; ടി. വി.യുടെ ഉപദ്രവമില്ല. കാതിനും കണ്ണിനും സുഖം. ആ വിധത്തിലുള്ള സുഖം കൈവരുമ്പോൾ ആയുസ്സിനു ദൈർഘ്യമുണ്ടാകും.

ചലച്ചിത്രതാരം: പണ്ടൊക്കെ വളരെക്കാലം തിരശ്ശീലയിൽ പ്രത്യക്ഷപ്പെട്ട് ആളുകളെ ഉപദ്രവിച്ചിരുന്നു. ഇപ്പോൾ അതൊക്കുകയില്ല. ഏതാനും മണിക്കൂറുകൾ മാത്രമാണ് അവരുടെ അസ്തിത്വം.

ഛായാഗ്രഹണപേടകം: മുതുകുളം രാഘവൻപിള്ളയെന്ന വിരൂപൻ പ്രേംനസീറെന്ന സുന്ദരനാവുന്നു ഇതിന്റെ മാജിക്കുകൊണ്ടു്. അങ്ങനെ ആളുകളെ മാറ്റിയില്ലെങ്കിൽ ഫോട്ടോസ്റ്റുഡിയോകൾ അടയ്ക്കപ്പെടും. ഫോട്ടോഗ്രാഫർമാർ പട്ടിണിയാവും.

കൊതുക്: കോർപറേഷന്റെ സൗജന്യമാധുര്യം ആസ്വദിച്ച് പെരുകിപ്പെരുകി വരുന്ന ഒരു ക്ഷുദ്രജീവി. ഇക്കണക്കിന് അതു പെരുകുകയും മനുഷ്യരക്തം കടിക്കുകയും ചെയ്താൽ തിരുവനന്തപുരം എന്നൊരു പട്ടണം ഇല്ലാതാവും.

വെജിറ്റബ്ൾ കട്ലറ്റ്: ഹോട്ടലിലെ ഉച്ചയൂണിനുവേണ്ടി കറികൾ വയ്ക്കണമല്ലോ. അതിനുവേണ്ടി പച്ചക്കറികൾ അരിയുമ്പോൾ കപ്പത്തൊട്ടിയിൽ എറിയേണ്ട അംശങ്ങൾ പലതുണ്ടാവും. അവയെ അതിലേക്ക് എറിയാതെ പച്ചപ്പട്ടാണിപ്പയർ ചേർത്തു കരിച്ചും പൊരിച്ചും ഉണ്ടാക്കുന്ന ഒരു സാധനം. രണ്ടു സ്പൂണും എത്തമെത്തൈതെരിലിട്ടു ഉള്ളിയും ഇതിനു മാന്യത നല്കും.

ഒരു ചൈനീസ് പഴഞ്ചൊല്ലിനെ അവലംബിച്ച് ചില ചോദ്യങ്ങൾ:

> **ചോദ്യം, ഉത്തരം**
>
> **ചോദ്യം:** ഭാര്യ സുന്ദരിയാവുന്നത് എപ്പോൾ?
>
> **ഉത്തരം:** അവൾ മറ്റൊരുത്തന്റേതായിരിക്കുമ്പോൾ.
>
> **ചോദ്യം:** കവിത സുന്ദരമാകുന്നതോ?
>
> **ഉത്തരം:** അതു താൻതന്നെ എഴുതിയതാവുമ്പോൾ.
>
> പഴഞ്ചൊല്ലിനെ അവലംബിക്കാതെ വേറൊരു ചോദ്യം
>
> **ചോദ്യം:** കള്ളപ്പണമെന്നാൽ എന്താണ്?
>
> **ഉത്തരം:** ധനികരുടെ കൈയിലിരിക്കുന്ന പണമെല്ലാം ദരിദ്രർക്ക കള്ളപ്പണമാണ്.

ആകുലാവസ്ഥ

നോവലിലായാലും ചെറുകഥയിലായാലും വർണ്ണന ഇമേജുകൾ അനുവാചകന്റെ മനസ്സിൽ ഉളവാക്കണം. ഈ ഇമേജുകളാണ് വികാരം സംക്രമിപ്പിക്കുന്നതു്. സംഭാഷണവും ഇമേജുകൾ ഉണ്ടാക്കണം. അതിനുപുറമേ ശക്തിയും. ഇവയില്ലാതെ റോഡിൽ കരിങ്കൽ കഷണങ്ങൾ കൂട്ടിയിട്ടതുപോലെ വാക്കുകൾ കൂട്ടിയിട്ടാൽ ഒരു പ്രയോജനവുമില്ല. പെരുന്ന പി. ആർ. കങ്കമം വാരികയിലെഴുതിയ 'ഉദയത്തെക്കാൾ ഹൃദ്യം അസ്തമയമായിരിക്കാം' എന്ന ചെറുകഥയുടെ തുടക്കം നോക്കുക.

"ഇരുട്ടിന്റെ വേരുകൾ ഇഴഞ്ഞിറങ്ങുന്ന പ്രജ്ഞയിൽ ഒരമാവാസിയുടെ ആദ്യ നിലവിളി ഇടിഞ്ഞുവീഴുന്നു. കത്തിയൊലിക്കുന്ന പ്രലാപത്തിന്റെ ചുഴിയിൽ ഒരു മഞ്ഞവെളിച്ചം മുങ്ങിച്ചാകുന്നു. അശാന്തവും ഭീകരവുമായ മുഹൂർത്തങ്ങൾ മരവിച്ചുവീണ ചുഴിക്കത്തിലേക്കു ഒരിലയിൽ ഒരെറുമ്പ് തീർത്ഥയാത്ര ചെയ്യുന്നു.

ചുളമരങ്ങളുടെ തടിച്ച നിഴലുകൾ അള്ളിപ്പിടിച്ചു വലിഞ്ഞുകയറുന്ന സന്ധ്യാ താഴ്വാരമാണ് മനസ്സ്. സന്ധ്യകളുടെ മഞ്ഞച്ചുണ്ടുകളിൽനിന്ന് പിത്തനീർ ഇറ്റുവീഴുന്ന മാനസികമായ ആലസ്യത്തിന്റെ നടക്കല്ലിൽ ഇരട്ടവാലുള്ള സ്വപ്നം തന്റെ മാണിക്യം വിഴുങ്ങി ചാകാനൊരുങ്ങുന്നു".

വായനക്കാർക്ക് ഈ വാക്യങ്ങളിൽ നിന്ന് എന്തു ഗ്രഹിക്കാൻ കഴിഞ്ഞു? എന്തെങ്കിലും മനസ്സിലാക്കിയവർ അസാധാരണമായ ബുദ്ധിയുള്ളവരാണെന്നേ പറയാൻ പറ്റൂ. എനിക്ക് ഒരാശയവും ലഭിച്ചില്ല. ഭാവമോ? അതുമില്ല. രണ്ട് ഇംഗ്ലീഷ് വാക്കുകൾ ഉപയോഗിക്കാൻ വായനക്കാർ സദയം സമ്മതിക്കണം. ഉത്കൃഷ്ടമായ സാഹിത്യം ഗ്രാൻഡിയറിലേക്കു നമ്മെ നയിക്കുമ്പോൾ പെരുന്ന പി. ആറിന്റെ ഈ വാക്യങ്ങൾ വൾഗാരിറ്റിയിലേക്കു നമ്മെ കൊണ്ടുചെല്ലുന്നു. സാഹിത്യം സത്യത്തിന്റെ നാദമുയർത്തിയിരുന്ന കാലത്തു് ജീവിതം തുടങ്ങിയവനാണ് ഞാൻ. ഇന്ന് അത് മനസ്സിന് ആകുലാവസ്ഥയുണ്ടാക്കുന്നു. പെരുന്ന പി. ആറും അദ്ദേഹത്തിന്റെ കൂട്ടുകാരുമാണ് ഈ ദയനീയാവസ്ഥയ്ക്കു കാരണക്കാർ.



മാക്സിം ഗോർക്കി

മാക്സിം ഗോർക്കിയുടെ പുസ്തകങ്ങളിൽ ഏറിയ കൂറും ഞാൻ വായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'മദർ' ഒരു പൊളിറ്റിക്കൽ ഡോക്യുമെന്റ് മാത്രമാണ്. ശേഷമുള്ളവയെല്ലാം സൂപ്പർ ജർണ്ണലിസവും. ആ സൂപ്പർ ജർണ്ണലിസം ഒന്നാന്തരമത്രേ. അദ്ദേഹത്തിന്റെ രചനകളിൽ എവിടെയോ ഏതാണ്ടിങ്ങനെ കണ്ടതായി ഓർമ്മയുണ്ട്: "ഇവിടം (റഷ്യയിലെ ഗ്രാമപ്രദേശമാകാം) പ്രശാന്തമാണ്. അന്തരീക്ഷം തെളിഞ്ഞതു്. എങ്ങും പൂന്തോട്ടങ്ങൾ. അവയിൽ രാപ്പാടികൾ പാടുന്നു; കുറ്റിക്കാട്ടുകളിൽ പൊലീസ് ചാരന്മാർ ഉറങ്ങുകയും ചെയ്യുന്നു". മാക്സിം ഗോർക്കി നിൽക്കുന്ന സ്ഥലത്തുനിന്ന് ആയിരമായിരം നാഴിക അകലെ നില്ലാനുള്ള യോഗ്യതപോലും എനിക്കില്ല. എങ്കിലും അദ്ദേഹത്തിന്റെ മനോഹരമായ ആശയത്തിനു വൈരൂപ്യം വരുത്തി ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ. "ഇവിടം (കേരളം) പ്രശാന്തമല്ല. അന്തരീക്ഷം കല്മഷം. എങ്ങും വാരികകൾ. അവയിൽ പൈങ്കിളികൾ. പൈങ്കിളികളുടെ ശബ്ദം സഹിക്കാം. പേജിലെ വിടവ് അടയ്ക്കാനായി ചേർക്കുന്ന അവിദഗ്ദ്ധരുടെ കൊച്ചു കാർട്ടൂണുകൾ സഹിക്കാൻ വയ്യ. മിനിക്കഥകൾ തീരെ സഹിക്കാൻവയ്യ".

തകഴിയും തകഴിയും

> ദൈവം ഭൂമിക്ക് നൽകിയ ഒരപൂർവ്വചിത്ര പുസ്തകമായിരുന്ന ക്ലിന്റ് എന്ന കുട്ടിയുടെ മനസ്സ്. ആറര വർഷമേ ക്ലിന്റ് ഈ ഭൂമിയിൽ ജീവിച്ചുള്ളു. ആ കുട്ടി നമുക്ക് നൽകിയ ചിത്രങ്ങൾ കാണുന്നസുക്ഷി ക്കേണ്ടതാണെന്ന ബോധം നമുക്കിനിയും ഉണ്ടായിട്ടില്ല.

എന്നെ അദ്ഭുതപ്പെടുത്താത്ത ഒരു കാര്യമുണ്ട്. ഈ ലോകത്തുള്ള ഏതു വിഷയത്തെക്കുറിച്ചും കവിതയെഴുതാം. മൊട്ടുസൂചിതൊട്ട് ഹിമാലയപർവ്വതംവരെ, ബുദ്ധന്റെ കാരുണ്യംതൊട്ട് ഹിറ്റ്ലറുടെ ക്രൂരതവരെയുള്ള വിഷയങ്ങൾ കവിതയിൽ വരാവുന്നതേയുള്ളൂ. കാവ്യത്തിലെ ഹൈപർബലി—അത്യുക്തി—ദോഷമായി ആരും കരുതുകയുമില്ല. അതുകൊണ്ടു തകഴി ശങ്കരനാരായണൻ തകഴി ശിവശങ്കരപ്പിള്ളയെക്കുറിച്ച് കാവ്യം രചിച്ചതു കണ്ടപ്പോൾ എനിക്കൊരു വിസ്മയവുമുണ്ടായില്ല. ഉണ്ടായില്ലെന്നു മാത്രമല്ല, സന്തോഷവും തോന്നി. അത്യുക്തി വേണോ? ഇതാ:

> തിരുമുൻപിൽ വേലയ്ക്കുപോയോരേ
> തിന്തക്കം ചാടി മറിഞ്ഞോരേ
> നിങ്ങടെ നാടിന്റെ സാഹിത്യ
> നിലമേഘലങ്ങളെ പൂല്ലുന്നു.

ഹാസ്യം വേണോ? ഇതാ:

> മുണ്ടും മുറിക്കയ്യൻ ഷർട്ടുമായി
> മോസ്കോയിലൂടൊരാൾ
> നിങ്ങുമ്പോൾ
> മിണ്ടാതെ മാറിനടന്നോളൂ
> കണ്ടാൽ ചെറു ബീഡി ചോദിക്കും

അച്ചടിത്തെറ്റുവേണോ? ഇതാ:

ഝടിതി ('ഝടിതി' ശരി. ഝട്+ഇതി) മനോരാജ്യം വാരികയിലെ ഈ കാവ്യം ഞാൻ 'രസംപിടിച്ച്' വായിച്ചു.



ക്ലിന്റ്

ക്ലിന്റിന്റെ ചിത്രങ്ങളുടെ പ്രദർശനം തിരുവനന്തപുരത്തു്. അവ കണ്ടിട്ടു രാജവീഥിയിലേക്കു പോരുന്ന ആളുകളുടെ മിഴിനീരു ഞാൻ കണ്ടു. സൂര്യരശ്മി തട്ടി അതു തിളങ്ങി. കണ്ണീരു മറ്റുള്ളവർ കാണരുതെന്ന് വിചാരിച്ച് മുഖം താഴ്ത്തി നടന്നവരുണ്ട്. മറ്റാരും കാണാതെ അതു തുടച്ചവരുണ്ട്. ഈ ഇൻഫന്റ് പ്രോഡിജിയുടെ അന്ത്യം ഹിന്ദു പത്രത്തിന്റെ തിരുവനന്തപുരം ലേഖകൻ വർണ്ണിച്ചിരിക്കുന്നതു വായിച്ച് എന്റെ കണ്ണുകളും ഈറനായി. ഒരു ദിവസം, കിടക്കയുടെ അരികിലിരുന്ന അമ്മയോടു ക്ലിന്റ് അവ്യക്തമായി പറഞ്ഞു: "അമ്മേ, ഞാനിപ്പോൾ തന്നെ ഉറങ്ങും. എന്നെ ഉണർത്തരുതേ" പ്രശാന്തതയോടെ ഉറങ്ങുന്ന മകനെ അമ്മ നോക്കി… ക്ലിന്റ് മൂർച്ഛയിൽ വീണു. അടുത്ത ദിവസം 1983 ഏപ്രിൽ 15-ആം തീയതി ആ കുട്ടി ഏതു് അജ്ഞാത ലോകത്തിൽ നിന്നു വന്നുവോ അങ്ങോട്ടേക്കു തന്നെ യാത്രയായി" (ഹിന്ദു, ഓഗസ്റ്റ് 8).

സൗന്ദര്യമുള്ള ശിശു. കലയുടെ സൗന്ദര്യം സൃഷ്ടിച്ച അവൻ ചിത്രം വരയ്ക്കാനിരിക്കുന്ന പടം ഞാൻ കാണുന്നു. കുഞ്ഞേ നിന്റെ വിയോഗം എനിക്കു പോലും സഹിക്കാനാവുന്നില്ല. നിന്റെ അച്ഛനമ്മമാർ അതെങ്ങനെ സഹിക്കും?

സുന്ദർ

മഴവില്ലിന്റെ

ക്ലിന്റിനെ ഓർമ്മയില്ലേ? ഒരു പുരുഷായുസ്സിൽ വരയ്ക്കേണ്ടതും ചിത്രങ്ങൾ ഏഴ് വയസ്സെത്തുംമുമ്പേ വരച്ചു തീർത്ത് നിറങ്ങളുടെ ലോകത്തേക്ക മടങ്ങിയ കുട്ടി.

ഈ ഏപ്രിൽ 15-ആം തീയതി ക്ലിന്റ് നമ്മെ പിരിഞ്ഞിട്ട് മൂന്നു വർഷം തികഞ്ഞു.

ഈ മൂന്നു വർഷങ്ങളായി ക്ലിന്റിന്റെ ചിത്രങ്ങൾ സൂക്ഷിക്കാൻ, ഒരു സ്ഥിരം ഗ്യാലറി കൊച്ചിയിൽ പണിയാൻ, ചിത്രങ്ങൾ പുസ്തകരൂപത്തിലാക്കാൻ എത്ര പ്രോജക്ടുകൾ. ഒന്നും ഇതുവരെ നടന്നില്ല.

തേവരയുള്ള ജോസഫിന്റെയും ചിന്നമ്മയുടെയും ക്വാർട്ടേഴ്സിൽ അവരുടെ മകൻ വരച്ച ചിത്രങ്ങൾ നമ്മെ കാത്തിരിക്കുന്നു. വർഷങ്ങൾക്കുശേഷമെങ്കിലും ക്ലിന്റിന്റെ നിറമാർന്ന ലോകത്തേക്കുള്ള ഒരു ജാലകമെങ്കിലും തുറക്കാതിരിക്കില്ല. അതുവരെ ക്ലിന്റിന്റെ ചിത്രങ്ങളുടെ കടലാസ്സുകൾ അല്പംപോലും മഞ്ഞിക്കാതിരിക്കട്ടെ.

ഈ ചിത്രങ്ങൾ പുസ്തകമാക്കാൻ നമുക്ക് പ്രസാധകരില്ലേ? ഒരു സ്ഥിരം ഗ്യാലറിക്ക് മുൻകൈയെടുക്കാൻ ഈ നാട്ടിൽ ചിത്രങ്ങളെ സ്നേഹിക്കുന്നവരാരുമില്ലേ?

കെ. സി. എസ്. പണിക്കരുടെയും, നമ്പൂതിരിയുടെയും ചിത്രങ്ങൾ ഡസ്ക് കലണ്ടറാക്കിയതുപോലെ മനോഹരമായി ക്ലിന്റിന്റെ പന്ത്രണ്ട് ചിത്രങ്ങളെങ്കിലും ഡസ്ക്കലണ്ടറാക്കാൻ ഇവിടെയാരുമില്ലേ?

ക്ഷമിക്കണം. സായിപ്പ് ഈ ചിത്രങ്ങൾ കണ്ട് കേമമാണെന്ന് അംഗീകരിക്കാൻ വേണ്ടി നാം കാത്തിരിക്കുകയാണോ?

ഇനി രാവേറെ ചെല്ലുമ്പോൾ കുട്ടികളോട് ഒരു കഥ പറയാം. ക്ലിന്റ് എന്നൊരു കുട്ടിയുണ്ടായിരുന്നു. നിറങ്ങളുടെ മനമറിഞ്ഞ കുട്ടി. സൂര്യനെ കണ്ണിമയ്ക്കാതെ ഉറ്റ് നോക്കിയിരുന്ന കുട്ടി.

പകൽ അവർക്ക് ക്ലിന്റിന്റെ മാന്ത്രികലോകം കാട്ടിക്കൊടുക്കാം. അവരുടെ കണ്ണുകളിൽ മഴവില്ല് വിടരുന്നതു കണ്ട് നമുക്കാനന്ദിക്കാം.

ഇരുപതിനായിരം ചിത്രങ്ങളിലൂടെ.

സുജാത

കരളിൽനിന്ന് പിറന്ന കുഞ്ഞ്

മനോഹരമായ പ്രപഞ്ചം കാത്തിരിക്കുന്നു. നമുക്കായി. വരും തലമുറകൾക്കായി.

ഒരിക്കൽപ്പോലും ഒരു വരപോലും മായ്ക്കാത്ത ക്ലിന്റിനെ കുറിച്ചെഴുതവേ, ഞാൻ വാക്കുകളും വരികളും വെട്ടുന്നു. തിരുത്തുന്നു. എന്റെ പരിമിതിയറിയുന്നു. ഇതെഴുതാൻ ഞാനാളല്ല എന്നറിയുന്നു.

എങ്കിലും—

പുണിഞ്ചിത്തായ

നന്നേ കുട്ടിക്കാലത്തെന്നോ മഴവില്ല് ആദ്യം കണ്ടപ്പോഴുണ്ടായ 'ഹായ്', ക്ലിന്റിന്റെ ചിത്രങ്ങൾ വീണ്ടുള വാക്കാണ്. എന്നോ ഉറങ്ങിയ ഉണ്ണി ഉണരുന്നു. ഒരു തണുത്ത സുഖമുള്ള കാറ്റ് മനസ്സിലൂടെ കടന്നുപോകുന്നു. പുറത്തെ യാഥാർത്ഥ്യങ്ങളെല്ലാം മറക്കുന്നു. നിറഞ്ഞ മനസ്സോടെ മൂന്ന് വർഷങ്ങളായി മേഘങ്ങളിനോ മാനത്തിനോ നിറം പകരാനായി നമ്മെപ്പിരിഞ്ഞ ഈ ചിത്രകാരന് നന്ദി പറയുന്നു.

ക്ലിന്റ്, നന്ദി!

കാസർകോട്ട് നടന്ന ക്ലിന്റ് ചിത്രങ്ങളുടെ പ്രദർശനത്തിന് ദേവനും, കുഞ്ഞുണ്ണിയും പുണിഞ്ചിത്തായയും ക്ലിന്റിന്റെ ചിത്രങ്ങളുടെ പൊരുളറിഞ്ഞ് സംസാരിച്ചു.

ഒ. വി. വിജയൻ, ജോസഫിന്റെ വീട്ടിൽ ചിത്രങ്ങൾ കാണാനെത്തി. ചിത്രങ്ങളുടെ മൈക്രോഫിലിമെങ്കിലും എടുത്തു സൂക്ഷിക്കണമെന്ന് നമ്പൂതിരി പറയുന്നു.

വർഷംതോറുമിപ്പോൾ കൊച്ചിയിലും വയനാട്ടിലും കുട്ടികളുടെ ചിത്രരചനാ മത്സരങ്ങൾക്ക് ക്ലിന്റിന്റെ പേരിൽ മെഡലുകൾ നല്കിവരുന്നു. തിരുവനന്തപുരത്തും, വയനാട്ടിലും അധികം താമസിയാതെ ക്ലിന്റിന്റെ ചിത്രപ്രദർശനമുണ്ടാവും.

കോളേജിൽ പഠിപ്പിക്കുന്ന സുജാതയും, ചിത്രകാരനായ ദേവനും, കവിതകളെഴുതുന്ന കുഞ്ഞുണ്ണിക്കും, ക്ലിന്റിനെക്കുറിച്ചും ചിത്രങ്ങളെക്കുറിച്ചും ഏറെ പറയാനുണ്ട്. അവർക്ക് പറയാനുള്ളതിൽനിന്നും നന്നേ കുറച്ചു മാത്രം ഇവിടെ കുറിക്കുന്നു:

ടി. ഡി. എം. ഹാളിൽ കരയോഗം നടത്തുന്ന കുട്ടികളുടെ ചിത്രരചനാ മൽസരം. വെറുതെ ചുറ്റിനടന്ന കാണകയായിരുന്നു. കുനിഞ്ഞിരുന്നു വരയ്ക്കുന്ന കുട്ടികൾ. നിലത്തു് മുഴുമിക്കാത്ത ചിത്രങ്ങൾ. ഒരു ചിത്രത്തിന്റെ മുന്നിലെത്തിയപ്പോൾ അവിടെ നിന്നനങ്ങാൻ കഴിഞ്ഞില്ല. ഒരു പൂവും ചിത്രശലഭവും. ഡിസ്പ്രൊപ്പോഷനേറ്റായ ഒരു മനോഹരചിത്രം. വല്ലാതെ എക്സൈറ്റഡ് ആയി. Real art is abstract എന്ന് എവിടെയോ വായിച്ചതു് ഓർമ്മവന്നു. മുമ്പ് അതു വിശ്വസിച്ചിരുന്നില്ല.

പിന്നീടാണ് വരയ്ക്കുന്ന കുട്ടിയെ നോക്കിയതു്. നിവർന്നിരുന്നു വരയ്ക്കുന്ന ഒരു കുട്ടി. ഞാൻ നോക്കുന്നതു കണ്ട് തലയുയർത്തിനോക്കി. ഒരു നിമിഷം. നല്ല കറുത്ത വലിയ കണ്ണുകൾ. ഞാൻ ചിരിച്ചു. ക്ലിന്റ് ചിരിച്ചില്ല. ജീവിതത്തിലാദ്യമായി ഞാൻ ഒരു ജീനിയസ്സിനെ കണ്ടു.

ഞാൻ നോക്കി നിൽക്കുന്നതു കണ്ട് ഈ കുട്ടിയുടെ അമ്മ അടുത്തേക്കു വന്നു. ജോസഫിനെയും പരിചയപ്പെട്ടു. അവരോട് ഈ കുട്ടിയെ ചിത്രരചന പഠിപ്പിക്കരുതു്, ഈ കുട്ടിയെ പഠിപ്പിക്കാൻ പ്രാപ്തിയുള്ളവരാരും ഇവിടെയില്ലെന്ന് പറഞ്ഞുപോയി. വരയ്ക്കാൻ വേണ്ട മെറ്റീരിയൽസിനെക്കുറിച്ചുള്ള സംശയങ്ങൾ ദേവനോട് ചോദിക്കാനും അവരോട് പറഞ്ഞു.

ദേവൻ

ക്ലിന്റിന്റെ പല സൃഷ്ടികളും ഇനി വരുന്ന തലമുറയിലുള്ള ആളുകൾക്ക് കാണാനും ആസ്വദിക്കാനും പുതിയ വഴികൾ വെട്ടിത്തെളിക്കാനും പാകത്തിലുള്ളതാണെന്ന് ഞാൻ കരുതുന്നു.

ഒരു കുഞ്ഞിന്റെ സ്വച്ഛമായ–നിർമ്മലമായ മനസ്സിൽ ഉണ്ടായിട്ടുള്ള പല തരത്തിലുള്ള സങ്കല്പങ്ങൾ, വിഭ്രാന്തികൾ. അവയുടെ കീർത്തനങ്ങളാണ് ക്ലിന്റിന്റെ ചിത്രങ്ങൾ.

ക്ലിന്റിന്റെ സന്ധ്യ, ആ കുഞ്ഞിന്റെ മനസ്സിൽ കത്തിനിന്ന സന്ധ്യയാണ്. പുലികളെയോ മുങ്ങകളെയോ നേരിൽക്കണ്ടിട്ടില്ലാത്ത ക്ലിന്റിന്റെ സങ്കല്പത്തിൽ പുലിയും പുലിക്കിടാങ്ങളും, ആ പുലിക്കിടാങ്ങൾക്ക് പാല് കൊടുക്കുന്ന മാതൃത്വവുമെല്ലാം സങ്കല്പിക്കാനുള്ള കഴിവ് ഈ ആറു വയസ്സുകാരനിൽ ഉണ്ടായിരുന്നു എന്നതു് മനുഷ്യമഹത്ത്വത്തിന്റെ തെളിവാണ്.

ഇത്രയും സംഗതികൾ ഉൾക്കൊള്ളാനുള്ള കഴിവ് ഈ കൊച്ചുകുഞ്ഞിനുണ്ടാകാമെങ്കിൽ, ഈ കുഞ്ഞ് വളർന്ന് വലുതായി പിക്കാസോയുടെയോ ബ്രാക്കിന്റെയോ, മത്തിസിന്റെയോ പ്രായത്തിലെത്തിയിരുന്നെങ്കിൽ അദ്ഭുതങ്ങളുണ്ടാകുമായിരുന്നു.



ബ്രാക്ക്

ഏറ്റവുമധികം ശ്രദ്ധേയമായിത്തോന്നിയതു് വരകളുടെ മേൽ ആ കുഞ്ഞിനുണ്ടായിരുന്ന സ്വാധീനമാണ്. രേഖകളിൽ ക്ലിന്റിന്, ഏതു് ആചാര്യനേയും അദ്ഭുതപ്പെടുത്തുന്ന തരത്തിലുള്ള നിയന്ത്രണമുണ്ടായിരുന്നു. ജന്മസിദ്ധമായി കിട്ടുന്ന ഏതോ ഒരു കഴിവ്. ആ ലോകത്തു മാത്രം നിന്നുകൊണ്ട് ആ കഴിവ് വളർത്താൻ ആ കുഞ്ഞിന് സാധിച്ചിരുന്നു. ആ സാദ്ധ്യതയ്ക്കു വളം വയ്ക്കാൻ അച്ഛനമ്മമാർ ഉത്സാഹിച്ചിട്ടുണ്ട്. ഇത്രയധികം കടലാസ്സുകളും ചായവും വരയ്ക്കാനുള്ള ഉപാധികളും ആ കുഞ്ഞിന് കൊടുക്കണമെങ്കിൽ ഇതിനോട് ഒരു പ്രതിബദ്ധതയുള്ള രക്ഷിതാക്കൾക്കു മാത്രമേ സാധിക്കൂ. ആ പ്രതിബദ്ധത ഈയൊരളവിലല്ലെങ്കിൽക്കൂടി നമ്മുടെ വീടുകളിൽ ഉണ്ടാവുകയാണെങ്കിൽ എത്ര നന്നായേനെ.

കുഞ്ഞുണ്ണി

ക്ലിന്റ് അനവധി ഗണപതി ചിത്രങ്ങൾ വരച്ചിട്ടുണ്ട്. ക്ലിന്റിന്റെ ഒരു ഗണപതിപോലെയല്ല മറ്റൊരു ഗണപതി. ഗണപതിയൊന്നേയുള്ളു, എങ്കിലും ആ ഗണപതിയല്ല, അതിനടുത്തിരിക്കുന്ന ഗണപതി.

രാവിലെ ഉദിച്ച സൂര്യനല്ല ഉച്ചയ്ക്ക്. ഉച്ചയ്ക്ക് ജ്വലിച്ചു നില്ലുന്ന സൂര്യനല്ല അസ്തമിക്കുന്ന സൂര്യൻ. ആ വ്യക്തിത്വത്തെ പകർത്താനുള്ള കഴിവാണ് കലാകാരന്റെ കഴിവ്. അത് ക്ലിന്റിനുണ്ടായിരുന്നു. അപ്പോഴത്തെ ഞാനല്ല ഇപ്പോഴത്തെ ഞാനെന്ന ബോധം ക്ലിന്റിനുണ്ടായിരുന്നു.

ക്ലിന്റിന്റെ മുങ്ങകൾ ക്ലിന്റിന്റെയുള്ളിൽ ആ സമയത്തു് ഉയിർത്തു വന്ന മുങ്ങയാണ്. അതുപോലൊരു മുങ്ങ റഷ്യയിലുണ്ടാവില്ല, ഇന്ത്യയിലുണ്ടാവില്ല, ഒരു മരക്കൊമ്പിലും ജനിച്ചിട്ടുമില്ല. ജനിച്ചിട്ടുണ്ടെങ്കിൽ അത് കോപ്പിയാവും. ഇതു കോപ്പിയല്ല.

ക്ലിന്റിന്റെ ഒരു ചിത്രത്തിൽ ഒരു ചോദ്യചിഹ്നവും, ഒരു അദ്ഭുതചിഹ്നവും. ഈ രണ്ടു ചിഹ്നങ്ങളാണ് ക്ലിന്റിന്റെ കലാജീവിതത്തിന്റെ പ്രചോദനം. പ്രപഞ്ചരഹസ്യം തേടിയിറങ്ങിയ ജ്ഞാനികളെപ്പോലെ പ്രപഞ്ചത്തിന്റെ ചോദ്യങ്ങളിലും, അദ്ഭുതങ്ങളിലും ജീവിച്ചിരുന്ന ചിത്രകാരനായിരുന്ന ക്ലിന്റ്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.